WEEKLY NEWSPAPER National Edition from Chicago

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Price $1.00

2050 W. Devon Avenue, Chicago, Illinois 60659. ❉ Tel : 773 - 465 - 5359 (Off) ❉ 630 - 728 - 7956 (24 Hrs.) ❉ e-Fax : 773 - 304 - 1917 ❉ E-mail : news@keralaexpress.com ❉ www.keralaexpress.com

September 25, 2009 | Vol. XVII No. 39 | Periodicals Postage Paid

# സുധീരനേയും മുല്ലപ്പള്ളിയേയും സി.പി.എം. ലക്ഷ്യമിടുന്നു

കോട്ടയം: പ്രതിപക്ഷത്തെ പ്രതിച്ഛായയുള്ള നേതാക്കളെ വിവാദത്തിന്റെ നിഴലിൽ കൊണ്ടുവരാൻ സി.പി.എം നേതൃത്വം ശ്രമമാരംഭിച്ചു.

വി.എം. സുധീരനെയും മുല്ലപ്പള്ളി രാമചന്ദ്രനെയും പോലെ പ്രതിച്ഛായയുള്ള നേതാക്കളെയാണ് ഇതിനായി ഇപ്പോൾ സി.പി.എം. ലക്ഷ്യമിടുന്നത്. പ്രതിപക്ഷത്ത് ഏറ്റവും പ്രതിച്ഛായയുള്ള നേതാവ് എന്നതിന് പുറമെ കരിമണൽ പ്രശ്നത്തിലും മറ്റ് അഴിമതി ഇടപാടുകളിലും മുഖം നോക്കാതെ പ്രതികരിക്കുന്നയാൾ എന്ന ഭയവും സുധീരനെക്കുറിച്ച് ഭരണനേതാക്കൾക്കുണ്ട്. ഇതിനുപുറമേയാണ് സുധീരൻ ഗുണ്ടാവിളയാട്ടത്തിനെതിരെ ശക്തമായി ആഞ്ഞടിച്ചതും ആഭ്യന്തരമന്ത്രിയുടെ രാജി ആവശ്യപ്പെട്ടതും.

ഈ സർക്കാരിന് ഇതുവരെ പലപദ്ധതികൾക്കും പ്രതിബന്ധമായിരുന്നത് മുഖ്യമന്ത്രി തന്നെയായിരുന്നു. പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) നൽകാൻ ശിപാർശ ചെയ്യുന്നതുൾപ്പെടെ അഴിമതിയുണ്ടെന്ന് പോളിറ്റ് ബ്യൂറോയ്ക്കു മുന്നിലും ജനങ്ങൾക്കുമുന്നിലും ചൂണ്ടിക്കാട്ടിയത് അച്യുതാനന്ദനാണ്. കരിമണൽ ഖനനപ്രശ്നം വന്നപ്പോഴും വി.എസ്. നിർണായക നിലപാടെടുത്തു. ഇതിന്റെ ഫലമാണ് മൂന്നുവർഷം മുമ്പ് വന്ന സെസ് നിർദ്ദേശങ്ങൾ സർക്കാരിന് മാറ്റിവെക്കേണ്ടിവന്നത്. വി.എസിനെ



വി.എം. സുധീരൻ



മുല്ലപ്പള്ളി രാമചന്ദ്രൻ

പോളിറ്റ് ബ്യൂറോയിൽനിന്ന് പുറത്താക്കിയതോടെ ആ വക തടസ്സം അവസാനിച്ചു. പരാതികളുമായി ഇനി അദ്ദേഹത്തിന് പി.ബിക്കു മുന്നിൽ പോകാനാകില്ല. വി.എസിന്റെ പിൻബലത്തിൽ ഘടകകക്ഷികളും വിവാദ പദ്ധതികൾക്കെതിരെ ശബ്ദമുയർത്തിയിരുന്നു. വി.എസ്. നിശബ്ദനായതോടെ അവരും ഇപ്പോൾ മൗനത്തിലാണ്. പ്രതിപക്ഷത്തെ കാര്യമായി ഭയക്കാത്തവരാണ് സി.പി.എം. നേതാക്കൾ. പ്രതിപക്ഷത്തെ പലർക്കും പ്രതിച്ഛായയില്ല എന്നതാണ് ഇതിനുകാരണം. പ്രതിച്ഛായയുള്ള നേതാക്കൾ വിരലിലെണ്ണാവുന്നവർ മാത്രം. ലാവ്‌ലിൻ പ്രശ്നം വന്നപ്പോഴും പോൾ വധവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഉയർന്നപ്പോഴും സി.പി.എം. കാര്യമായി കുലുങ്ങാതിരുന്നത് അതിനാലാണ്. എന്നാൽ സുധീരനും മുല്ലപ്പള്ളിയും രംഗത്തിറങ്ങിയതോടെ പ്രശ്നങ്ങളായി. സുധീരൻ ആഭ്യന്തരമന്ത്രിയുടെ രാജി ആവശ്യപ്പെട്ടതോടെയാണ് പ്രതിപക്ഷം ഉണർന്നത്. തുടർന്ന് വലിയ ആരോപണവുമായി മാറുകയായിരുന്നു. സി.പി.എം. നേതൃത്വം വിരണ്ടത് അവിടെയാണ്. ഇതിനെ തടയാൻ സി.പി.എം. നേതൃത്വം കണ്ടെത്തിയ മാർഗം ഇങ്ങനെയുള്ളവരെ പഴയ ആരോപണങ്ങളുമായി നേരിടുക എന്നതാണ്. രണ്ടുവർഷം മുമ്പ് ഒരു ഹവാലക്കേസിൽ അറസ്റ്റിലായ പ്രതി പോലീസിനു നൽകിയ മൊഴിയെ അടിസ്ഥാനമാക്കിയാണ് സി.പി.എം. സെക്രട്ടറി പിണറായി വിജയൻ പുതിയ ആരോപണം സുധീരനെതിരെയും മുല്ലപ്പള്ളിക്കെതിരെയും കൊണ്ടുവന്നത്. അതിന് അവർ മറുപടി പറയുകയും അന്വേഷണം നടത്താൻ വെല്ലുവിളിക്കുകയും ചെയ്തെങ്കിലും സുധീരനെ സി.പി.എം. തുടർന്നും പിന്തുടരുന്നു. ഭാവിയിൽ വരാൻ പോകുന്ന പദ്ധതികളെയാണ് ഈ ആരോപണങ്ങൾ വഴി സംരക്ഷിക്കാൻ ശ്രമിക്കുന്നതെന്നു കരുതുന്നവർ സി.പി.എമ്മിൽ തന്നെയാണുള്ളത്. പാർട്ടിക്കുള്ളിൽനിന്ന് ഇനി എതിർശബ്ദങ്ങളില്ല. പ്രതിപക്ഷത്തെ പലരും അഴിമതിയെ എതിർക്കുകയുമില്ല.

എന്നാൽ പ്രതിച്ഛായയുള്ളവർ എതിർത്താൽ അത് ബുദ്ധിമുട്ടുകളുണ്ടാക്കും. അത് തടയുന്നതിനാണ് അവരുടെ പ്രതിച്ഛായ തകർക്കുന്നത്.

## 'വിശുദ്ധ പശു' വിവാദം കെട്ടടങ്ങി

ന്യൂഡൽഹി: വിദേശകാര്യ സഹമന്ത്രി ശശി തരൂരിന്റെ വിശുദ്ധ പശു പരാമർശത്തിന്റെ പേരിൽ കോൺഗ്രസിലുയർന്ന വിവാദം കെട്ടടങ്ങി. തരൂരിന്റെ രാജിയാവശ്യപ്പെട്ട രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗേലോട്ടും തണുത്തു.

പാർട്ടി അദ്ധ്യക്ഷ സോണിയാ ഗാന്ധിയെ കാണാൻ സെപ്റ്റംബർ 19ന് ഡൽഹിയിലെത്തിയപ്പോൾ പല അഭ്യൂഹങ്ങളും പരന്നിരുന്നു. അ



ശശി തരൂർ

ദ്ദേഹം ശശി തരൂരിന്റെ രാജി നേരിട്ടാവശ്യപ്പെടുമെന്നായിരുന്നു പുറത്തുള്ള സംസാരം.

എന്നാൽ ഗേലോട്ട് 10 ജനപഥിൽ നിന്നു പുറത്തിറങ്ങിയതു പൂച്ചയെപ്പോലെയാണ്. വിദേശകാര്യ സഹമന്ത്രിയുടെ രാജി സംബന്ധിച്ച് താൻ ഉയർത്തിയ പ്രശ്നങ്ങൾ അവസാനിപ്പിക്കുകയാണെന്നു ഗേലോട്ട് മാധ്യമങ്ങളോടു പറഞ്ഞു. എന്റെ വികാരമാണ് ഞാൻ പ്രകടിപ്പിച്ചത്. ആരോടും വിദ്വേഷമില്ല. തരൂർ വിഷയത്തിൽ പ്രധാനമന്ത്രിയുടെ അഭിപ്രായത്തിനുമപ്പുറം മറ്റൊന്നുമില്ല: അദ്ദേഹം പറഞ്ഞു.

(ശേഷം 44-ാം പേജിൽ)

## ഡോ. കെ.സി. ജോൺ ഐ.പി.സി. ജനറൽ പ്രസിഡണ്ട്

തിരുവല്ല: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ ജനറൽ പ്രസിഡണ്ടായി പാസ്റ്റർ ഡോ. കെ.സി. ജോണും (കേരളം), ജനറൽ സെക്രട്ടറിയായി പാസ്റ്റർ ഡോ. ടി. വൽസൻ



പാസ്റ്റർ ഡോ. കെ.സി. ജോൺ

ഏബ്രഹാമും (പഞ്ചാബ്) തെരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ: പാസ്റ്റർ ബേബി വർഗീസ് (വൈസ് പ്രസിഡണ്ട്), (ശേഷം 44-ാം പേജിൽ)

# പുതിയ അണക്കെട്ടിന് തമിഴ്നാട് എതിര്

മദ്രാസ്: മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള ശ്രമങ്ങൾക്ക് തമിഴ്നാട് തടയിടുന്നു. മുഖ്യമന്ത്രി എം. കരുണാനിധിയാണ് സർവേ നടത്താൻ കേന്ദ്രം അനുമതി നല്കിയെന്ന റിപ്പോർട്ടുകൾ വ്യാജമാണെന്ന് ഔദ്യോഗിക പത്രക്കുറിപ്പിലും ഡി.എം.കെയുടെ മുഖപത്രമായ മുരശൊലിയിലും തുറന്നടിച്ചത്. കേരളം അവകാശപ്പെടുന്നതുപോലെ പുതിയ സർവേ സംബന്ധിച്ച് കേന്ദ്രാനുമതി നല്കിയതായി തനിക്കറിവില്ലെന്നാണ് കരുണാനിധി മദ്രാസിൽ പറഞ്ഞത്.

അണക്കെട്ടു പ്രശ്നം രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി തമിഴ്നാട് ഉപയോഗിക്കുന്നു എന്നതിന്റെ സൂചനയാണിത്. ഇതേപ്പറ്റി പ്രതികരിക്കാൻ കേരള ജലവിഭവമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ വിസമ്മതിച്ചെങ്കിലും തമിഴ്നാടിന്റെ അവകാശവാദം വാസ്തവവിരുദ്ധമാണെന്നാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പു വൃത്തങ്ങൾ പറയുന്നത്. പുതിയ ഡാമിനുള്ള സർവേയ്ക്ക് അനുമതി നല്കിക്കൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് ഒരാഴ്ചയ്ക്കുള്ളിൽ കേരളത്തിനും തമിഴ്നാടിനും നല്കുമെന്നാണ് ഈ കേന്ദ്രങ്ങൾ നല്കിയ സൂചന.

സെപ്. 16-ന് കേന്ദ്ര വനം-പരിസ്ഥി



എം. കരുണാനിധി

തി മന്ത്രി ജയറാം രമേശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന്റെ യോഗം സർവേ നടത്താൻ അനുമതി നല്കിയ കാര്യം മന്ത്രി തന്നെ മാദ്ധ്യമങ്ങളെ അറിയിച്ചിരുന്നു. പെരിയാർ കടുവ സങ്കേതത്തിൽ സർവേ നടത്താൻ വനം നിയമപ്രകാരമുള്ള അനുമതി മാത്രമാണ് കേരളത്തിനു നല്കിയതെന്നും അണക്കെട്ടു പണിയണമെങ്കിൽ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള അനുമതിയടക്കം വിവിധ കടമ്പകൾ കേരളം തരണം ചെയ്യേണ്ടതുണ്ടെന്നും മന്ത്രി വിശദമാക്കിയിരുന്നു. സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന കേസായതിനാൽ സർവേ അനുമതി നല്കാൻ കഴിയില്ലെന്ന തമിഴ്നാടിന്റെ വാദം തെറ്റാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ സമവായ സാദ്ധ്യതകൾ ഉണ്ടാക്കാനാണ് സുപ്രീംകോടതി ഇരു സംസ്ഥാനങ്ങളോടും കേന്ദ്രത്തോടും നിർദ്ദേശിച്ചിരുന്നത്. ജലനിരപ്പിന്റെ ഉയരം 136 അടിയിൽ നിന്ന് 142 അടിയാക്കി ഉയർത്താനുള്ള ആദ്യത്തെ കോടതി ഉത്തരവു മാത്രമാണ് സുപ്രീംകോടതി തമിഴ്നാടിന് അനുകൂലമായി നല്കിയിട്ടുള്ളത്. കേരളം ഇതിനെതിരെ വീണ്ടും കോടതിയെ സമീപിച്ചതോടെ സ്വന്തം വിധി തന്നെ സുപ്രീംകോടതി പുനഃപരിശോധിച്ച അസാധാരണ സംഭവവുമുണ്ടായിട്ടുണ്ട്. (ശേഷം 44-ാം പേജിൽ)

# മുല്ലപ്പെരിയാറിനായി ചപ്പാത്തിൽ കെട്ടുറപ്പുള്ള മനുഷ്യ അണക്കെട്ട്



മുല്ലപ്പെരിയാർ ഉപവാസസമരം 1000 ദിവസം തികഞ്ഞ സെപ്റ്റംബർ 19-ന് ചപ്പാത്ത് പാലത്തിൽ തീർത്ത മനുഷ്യച്ചങ്ങല (വാർത്ത 14-ാം പേജിൽ)